പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 7672 23.7.2012 ന് മറുപടിയ്ക്ക്

## മലയാളത്തിന് ക്ലാസിക്കൽ പദവി നിരാകരണം

ചോദ്യം

ശ്രീമതി.കെ.എസ്.സലീഖ

മറുപടി

ശ്രീ.ഉമ്മൻചാണ്ടി

ബഹു.മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | തമിഴ്,കന്നട,തെലുങ്ക് എന്നീ ഭാഷകൾക്കൊപ്പം ക്ലാസിക്കൽ പദവി നേടാനുള്ള മലയാളത്തിന്റെ പരിശ്രമം പരാജയപ്പെട്ടത് ഈ സർക്കാരിന്റെ വീഴ്ചമൂലം സംഭവിച്ചതാണെന്ന് കരുതുന്നുണ്ടോ; | (എ) | ഇല്ല. |
| (ബി) | ഹൈദരബാദിൽ വിദഗ്ദ്ധ സമിതി യോഗം ചേർന്നപ്പോൾ കേരളത്തിന്റെ പ്രതിനിധി പങ്കെടുക്കാത്തതായി ശ്രദ്ധയിൽപ്പെട്ടുവോ;വിശദമാക്കുമോ; | (ബി) യും (സി) യും | ഹൈദരബാദിൽ കൂടിയ വിദഗ്ദ്ധ സമിതി യോഗത്തെക്കുറിച്ചും മലയാളത്തിന്റെ ക്ലാസിക്കൽ പദവി നിരാകരണത്തെപ്പറ്റിയും ഔദ്യോഗിക അറിയിപ്പുകളൊന്നും സംസ്ഥാന സർക്കാരിനു ലഭിച്ചിട്ടില്ല.മലയാളഭാഷയ്ക്ക് ക്ലാസിക്കൽ പദവി നല്കുന്നതു സംബന്ധിച്ച് നമ്മുടെ വാദഗതികൾ അവതരിപ്പിക്കാൻ വീണ്ടും അവസരം നല്കണമെന്ന് കേന്ദ്ര സാംസ്കാരിക മന്ത്രിയോടാവശ്യപ്പെട്ടിട്ടുണ്ട്. മുഖ്യമന്ത്രി ചെയർമാനായ ഉപദേശകസമിതി 29/6/12 ന് അടിയന്തിര യോഗം കൂടുകയും, മലയാളഭാഷയ്ക്ക് 2000 വർഷത്തെ പഴക്കമുണ്ടെന്ന നമ്മുടെ വാദഗതി അംഗീകരിച്ചുകൊണ്ട് ശ്രേഷ്ഠ ഭാഷാ പദവി മലയാളത്തിന് നൽകുകയോ,അതല്ല മാനദണ്ഡം മാറ്റുകയോ ചെയ്യണമെന്നും,മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി നൽകണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിതല സംഘം 2012 ജൂലൈ 3 ന് പ്രധാനമന്ത്രിയെ കണ്ട് ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. |
| (സി) | ക്ലാസിക്കൽ പദവി നിരാകരണം ഔദ്യോഗികമായി അറിയിച്ചിരുന്നുവോ;എങ്കിൽ തമിഴിന്റെ പുത്രീഭാഷയാണ് മലയാളമെന്ന കാലഹരണപ്പെട്ട വാദം നിരാകരിക്കുവാനും മലയാളത്തിന് ക്ലാസിക്കൽ പദവി നേടിയെടുക്കാനും ശക്തമായ എന്തൊക്കെ വാദഗതികളാണ് കേന്ദ്ര സർക്കാരിന് മുന്നിൽ നൽകിയത്;വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ